# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) രാജ്യം എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷ നിറവിൽ; ന്യൂ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയപതാക ഉയർത്തി ജനങ്ങളെ അഭിസംബോധന ചെയ്തു.
   India celebrates 80th Independence Day; PM Narendra Modi hoists National Flag, addresses Nation from Red Fort.

2) 2047-ഓടെ 100 ജിഗാവാട്ട് ആണവോർജ്ജ ശേഷി കൈവരിക്കുക എന്നതാണ് ലക്ഷ്യമെന്ന് പ്രധാനമന്ത്രി. ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവജനങ്ങൾക്ക് നിർമ്മിത ബുദ്ധിയിൽ പരിശീലനം നൽകുമെന്നും പ്രഖ്യാപനം.
   PM Modi says, India has set target of 100 Giga Watt Nuclear Energy capacity by 2047; one crore youth will be given training in AI skilling in the next one year.

3) സംസ്ഥാനത്തും വിപുലമായ ആഘോഷ പരിപാടികൾ; മതേതരത്വത്തിലും സഹിഷ്ണുതയിലും കേരളം രാജ്യത്തിന് മാതൃകയെന്ന് മുഖ്യമന്ത്രി.
   Grand Independence Day celebrations in Kerala: CM says State is a model for secularism and tolerance.

4) ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻറെ രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് നാളെ തുടക്കം.
   Vice President C.P. Radhakrishnan to begin two-day visit to Tamil Nadu tomorrow.

5) ഇസ്രായേൽ വ്യോമ ആക്രമണത്തിൽ തെക്കൻ ലെബനനിൽ ഏഴുപേർ കൊല്ലപ്പെട്ടു.

Seven killed in Israeli airstrike in Southern Lebanon.

6) ഹോക്കി ലോകകപ്പുകൾക്ക് ഇന്ന് തുടക്കമാകും. ഇന്ത്യൻ പുരുഷ ടീം ഇന്ന് വെയിൽസിനെ നേരിടും.

Hockey World Cup begins today: Indian men's team set to face Wales in opening match.

****************

## PREZ- NWM TRIBUTE

രാജ്യം ഇന്ന് 80-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, സേനാമേധാവിമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ധീരജവാന്മാരുടെ സ്മരണ പുതുക്കി രണ്ട് മിനിറ്റ് മൗനവും ആചരിച്ചു.

***************************

## PM YOUTH (INTRO )

ന്യൂ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയപതാക ഉയർത്തി. വികസിത ഭാരതത്തിനായുള്ള യുവജനങ്ങളുടെ സംഭാവനകളെ ആദരിച്ചുകൊണ്ടാണ് ഈ വർഷത്തെ ആഘോഷങ്ങൾ. രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിൽ യുവാക്കൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് രാജ്യത്തെ അഭിസംബോധന ചെയ്യുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്...... )

സ്വാതന്ത്ര്യലബ്ധിക്കു ശേഷം ആദ്യമായാണ് ചുവപ്പ് കോട്ടയിൽ വന്ദേമാതരം മുഴങ്ങിയതെന്നും പ്രധാനമന്ത്രി പറഞ്ഞു. ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവജനങ്ങൾക്ക് നിർമ്മിത ബുദ്ധിയിൽ പരിശീലനം നൽകാൻ സർക്കാർ തീരുമാനിച്ചതായും ആഗോള എ.ഐ മേഖലയിൽ മുന്നേറാൻ ഇത് ഇന്ത്യൻ യുവതയെ പ്രാപ്തരാക്കുമെന്നും ശ്രീ മോദി വ്യക്തമാക്കി. വിവിധ പൊതുപരീക്ഷകൾക്കായി ദരിദ്ര-മധ്യവർഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ഓൺലൈൻ പരിശീലനം നൽകുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

***************************

## PM ENERGY ( INTRO )

ലോകത്തിലെ അതി വേഗം വളരുന്ന പ്രധാന സാമ്പത്തിക ശക്തിയായി രാജ്യം ഉയർന്നതായും 2047-ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിൽ എത്താനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ 12 വർഷത്തിനിടയിൽ രാജ്യത്തെ പ്രതിരോധ ഉൽപ്പാദനം നാല് മടങ്ങ് വർദ്ധിച്ചു. ഡിജിറ്റൽ ഇടപാടുകൾ 100 മടങ്ങും ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം നാല് മടങ്ങും ഉയർന്നു. 2047-ഓടെ 100 ജിഗാവാട്ട് ആണവോർജ്ജ ശേഷി കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ മുന്നോട്ട് പോകുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.
**(ഹോൾഡ് വോയിസ്....... )**

രാജ്യത്തിന്റെ വികസനത്തിന് ആക്കം കൂട്ടാനായി ഏഴ് ഘടകങ്ങളടങ്ങിയ 'സപ്തധാര' പരിഷ്കരണ ചട്ടക്കൂട് പ്രഖ്യാപിച്ച പ്രധാനമന്ത്രി സമുദ്ര മേഖലയിലെ പ്രധാന നേട്ടങ്ങളും പരാമർശിച്ചു. വിവിധ മേഖലകളിൽ നിന്നുള്ള അയ്യായിരത്തോളം പ്രത്യേക ക്ഷണിതാക്കൾ ഉൾപ്പെടെ നിരവധി പേർ ന്യൂഡൽഹിയിലെ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു .

****************************

## INDEPENDENCE DAY - GREETINGS

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, കേന്ദ്രമന്ത്രിമാരായ അമിത് ഷാ , രാജ്നാഥ് സിംഗ് , ജെ പി നഡ്ഡ, എസ് ജയ്ശങ്കർ തുടങ്ങിയവർ രാജ്യത്തെ ജനങ്ങൾക്ക് സ്വാതന്ത്ര്യ ദിന ആശംസകൾ നേർന്നു. സ്വതന്ത്ര ഭാരതത്തെ വികസിത ഭാരതമാക്കി മാറ്റാനുള്ള പവിത്രമായ ലക്ഷ്യത്തിനായി ഒരുമിച്ച് പ്രവർത്തിക്കാമെന്ന് രാഷ്ട്രപതി പറഞ്ഞു. പ്രതിബദ്ധതയോടും ഉത്തരവാദിത്തത്തോടും അഭിമാനത്തോടും കൂടി രാഷ്ട്രത്തെ സേവിക്കാൻ ത്രിവർണ്ണ പതാക എന്നും പ്രചോദനമേകട്ടെ എന്ന് ഉപരാഷ്ട്രപതി ആശംസിച്ചു. ഭരണഘടനയുടെയും ത്രിവർണ്ണ പതാകയുടെയും മൂല്യങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കണമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സ്വാതന്ത്ര്യദിനാശംസകൾ നേർന്നുകൊണ്ട് പറഞ്ഞു. കേരളാ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ , പ്രതിപക്ഷ നേതാവ് പിണറായി വിജയൻ തുടങ്ങിയവരും സ്വാതന്ത്ര്യദിനാശംസകൾ പങ്കുവച്ചു.

****************************

## CM VOICE( INTRO )

എൺപതാം സ്വാതന്ത്ര്യ ദിനത്തിൽ

സംസ്ഥാനത്തും വിപുലമായ പരിപാടികൾ നടന്നു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ ദേശീയപതാക ഉയർത്തി. തുടർന്ന് വ്യോമസേനയുടെ ഹെലികോപ്റ്ററിൽ നിന്നും പുഷ്പവൃഷ്ടി

നടത്തി. വിവിധ സേനാവിഭാഗങ്ങൾ, അശ്വാരൂഢസേന, എൻ.സി.സി., സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ തുടങ്ങിയ വിഭാഗങ്ങളുടെ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിച്ചു. കരുണയും സേവന തൽപരതയും സഹിഷ്ണുതയുമുള്ള പുതുയുഗ കേരളം സൃഷ്ടിക്കാൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിദ്യാഭ്യാസം, ആരോഗ്യം, മതേതരത്വം, സാക്ഷരത, സഹിഷ്ണുത, രാഷ്ട്രീയ ബോധം എന്നിവയിൽ കേരളമിന്ന് രാജ്യത്തിന് മാതൃകയാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

**( ഹോൾഡ് വോയിസ്...... )**

ജില്ലാ ആസ്ഥാനങ്ങളിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് മന്ത്രിമാർ നേതൃത്വം നൽകി. നിയമസഭ സമുച്ചയത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ദേശീയ പതാക ഉയർത്തി.

****************************

## STATES INDEPENDENCE DAY

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാജ്യമെമ്പാടും വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് മുഖ്യമന്ത്രിമാരും മന്ത്രിമാരും നേതൃത്വം നൽകി. മാഹിയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പുതുച്ചേരി സിവിൽ സപ്ലൈസ് മന്ത്രി ശിവകൊളുന്തു പതാക ഉയർത്തി. തൃശൂർ ഭാരതീയ വിദ്യാഭവനിൽ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു.

****************************

## LAKSHADWEEP – THIRANGA

ഹർ ഘർ തിരംഗ പരിപാടികളുടെ ഭാഗമായി ലക്ഷദ്വീപിൽ തിരംഗ റാലികൾ സംഘടിപ്പിച്ചു. കവരത്തിയിൽ സെക്രട്ടേറിയറ്റിൽ നിന്നാരംഭിച്ച തിരംഗാ മാർച്ച് അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് എസ്. ബി. ദീപക് കുമാർ ഫ്ലാഗ് ഓഫ് ചെയ്തു.

****************************

## VP –TN VIST

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ നാളെയും മറ്റന്നാളും തമിഴ്നാട്ടിൽ സന്ദർശനം നടത്തും. സന്ദർശനത്തിനിടെ ചെന്നൈ, ചെങ്കൽപട്ട്, തിരുവാരൂർ, തഞ്ചാവൂർ എന്നിവിടങ്ങളിൽ നടക്കുന്ന വിവിധ പരിപാടികളിൽ അദ്ദേഹം സംബന്ധിക്കും. തിരുവാരൂരിൽ തമിഴ്നാട് കേന്ദ്ര സർവ്വകലാശാലയുടെ പതിനൊന്നാമത് ബിരുദദാന ചടങ്ങിൽ മറ്റന്നാൾ ഉപരാഷ്ട്രപതി പങ്കെടുക്കും.

****************************

## ISRAEL-LEBANON-STRIKE

തെക്കൻ ലെബനനിൽ ഇസ്രായേൽ വ്യോമ ആക്രമണത്തിൽ ഏഴുപേർ കൊല്ലപ്പെട്ടു. മൂന്നു പേർക്ക് പരിക്കേറ്റു.

ഇറാൻ പിന്തുണയുള്ള ഹെസ്ബോള്ളയെ നിരായുധീകരിക്കുന്നതിനു പകരമായി ദക്ഷിണ ലെബനനിൽ നിന്നും ഇസ്രായേൽ സേനയെ

പിൻവലിക്കുന്നത് ലക്ഷ്യമിട്ടുള്ള ഒരു ചട്ടക്കൂടിനു രൂപം നൽകുമെന്ന് ഇരു രാജ്യങ്ങളും

പ്രഖ്യാപിച്ചിരുന്നു. അതിനു ശേഷമുള്ള ഏറ്റവും വലിയ ആക്രമണങ്ങളിൽ ഒന്നാണ് ഇത്.

****************************

## INDONESIA EARTHQUAKE

ഇന്തോനേഷ്യയ്ക്ക് സമീപമുണ്ടായ ശക്തമായ ഭൂചലനത്തിൽ 20 ലേറെ പേർ മരിച്ചു. ആറ് പേർക്ക് പരിക്കേറ്റു. രണ്ട് പേരെ ഇനിയും കണ്ടെത്താനുണ്ട്. ഇന്ന് രാവിലെയാണ് 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായത്.

****************************

## HOCKEY WORLDCUP

ഹോക്കി ലോകകപ്പുകൾക്ക് ഇന്ന് തുടക്കമാകും. ബെൽജിയം, നെതർലൻഡ്സ് എന്നീ രാജ്യങ്ങൾ സംയുക്തമായാണ് ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത്. പുരുഷ, വനിതാ വിഭാഗങ്ങളിലായി ലോകത്തിലെ 16 ടീമുകളാണ് മത്സരത്തിനിറങ്ങുന്നത്. പുരുഷ വിഭാഗത്തിൽ ഇന്ന് വൈകിട്ട് 4.30 ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യ വെയിൽസിനെ നേരിടും.

****************************

## DAY CRICKET

ശ്രീലങ്കക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ടോസ് നേടിയ ഇന്ത്യ ബാറ്റിങ് തിരഞ്ഞെടുത്തു.

ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 1 വിക്കറ്റ് നഷ്ടത്തിൽ 101 റൺ എന്ന നിലയിലാണ്.

****************************

## US SENATORS INDIAS I DAY

80-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ആശംസകൾ നേർന്ന് യു.എസ് സെനറ്റർമാരും പ്രമുഖ രാഷ്ട്രീയ നേതാക്കളും. ന്യൂയോർക്ക് മുതൽ സീയാറ്റിൽ വരെയുള്ള വിവിധ സംസ്ഥാനങ്ങളിലെ ഗവർണർമാരും സെനറ്റർമാരും ഇന്ന് 'ഇന്ത്യ ഡേ' ആയി ആചരിക്കുമെന്ന് അറിയിച്ചു.

****************************

## GOVT- ADVERTISEMENTS

ടെലിവിഷൻ ചാനലുകൾക്കുള്ള 12 മിനിറ്റ് പരസ്യ സമയപരിധി ഒഴിവാക്കാൻ തീരുമാനിച്ചതായി കേന്ദ്രസർക്കാർ. 1994-ലെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് ചട്ടങ്ങളുടെ ഭേദഗതി വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ തീരുമാനം പ്രാബല്യത്തിൽ വരുമെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. പരസ്യ വരുമാനത്തെ വലിയ തോതിൽ ആശ്രയിക്കുന്ന ടിവി സംപ്രേഷണ മേഖലയിലുണ്ടായ മാറ്റങ്ങൾ കണക്കിലെടുത്ത്, വ്യവസ്ഥകൾ പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിനാലാണ് തീരുമാനമെന്നും മന്ത്രാലയം വ്യക്തമാക്കി.

****************************

## NTA-ANSWER KEY

ഈ വർഷത്തെ UGC-NET, CSIR-NET, ICAR AIEEA (PG), AICE (PhD) പരീക്ഷകളുടെ താൽക്കാലിക ഉത്തരസൂചികകൾ നാളെ പ്രസിദ്ധീകരിക്കുമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. പരീക്ഷകളെയും ഉത്തരസൂചികകളെയും കുറിച്ചുള്ള വിവരങ്ങൾക്ക് ഏജൻസിയുടെ ഔദ്യോഗിക അറിയിപ്പുകളെ മാത്രം ആശ്രയിക്കണമെന്ന് NTA നിർദ്ദേശിച്ചു.

****************************

## DELHI COURT- NEET

നീറ്റ് യു.ജി ചോദ്യപ്പേപ്പർ ചോർച്ചക്കേസിൽ കൂടുതൽ അന്വേഷണം നടത്താൻ സി.ബി.ഐക്ക് ഡൽഹി പ്രത്യേക അതിവേഗ കോടതി അനുമതി നൽകി. കേസിൽ പുതിയ തെളിവുകൾ പുറത്തുവന്ന സാഹചര്യത്തിലാണ് നടപടി. നിലവിൽ 13 പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, ഇതിൽ ഉൾപ്പെടാത്ത മറ്റ് ഗൂഢാലോചനക്കാരെക്കുറിച്ച് അന്വേഷണം തുടരാൻ അനുവദിക്കണമെന്ന് സി.ബി.ഐ കോടതിയോട് ആവശ്യപ്പെടുകയായിരുന്നു.

****************************

## MEA BRIEFING

ജമ്മു-കശ്മീരും ലഡാക്കും ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്ന് ആവർത്തിച്ച് ഇന്ത്യ. പാകിസ്ഥാൻ അധീന ജമ്മു-കശ്മീർ മേഖലയിലെ അതിക്രമങ്ങളും, അതിർത്തി കടന്നുള്ള ഭീകരവാദ പ്രവർത്തനങ്ങളും അന്താരാഷ്ട്ര സമൂഹം ഗൗരവത്തോടെ കാണണമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ഇന്ത്യയുടെ എണ്ണ ശുദ്ധീകരണ ശേഷി, ഡീസൽ ലഭ്യത, രാജ്യത്തിന്റെ ആവശ്യം എന്നിവ കണക്കിലെടുത്ത ശേഷം മാത്രമാകും ബംഗ്ലാദേശിന്റെ അധിക ഡീസലിനായുള്ള അഭ്യർത്ഥന പരിശോധിക്കുകയെന്നും അദ്ദേഹം പറഞ്ഞു. ഭൂകമ്പം ദുരിതം വിതച്ച കൊളംബിയയിലേക്ക് 20 മെട്രിക് ടൺ ദുരിതാശ്വാസ സാമഗ്രികൾ ഇന്ത്യ അയച്ചതായും ശ്രീ ജയ്സ്വാൾ പറഞ്ഞു.

****************************
****************************
**************